# കുറവൻ തുരുത്തിലെ മുച്ചീട്ടുകളിക്കാരൻ

ശിവദാസൻ.എ.കെ

കളത്തിൽ മൂന്ന് ചീട്ട് കമിഴ്ന്ന് വീണപ്പോൾ കോൺട്രാക്ടർ വാറുണ്ണി ഇരു കൈയ്യും വിടർത്തി അതിന് മുകളിൽ വച്ച് പറഞ്ഞു.

"ബ്ലൈൻഡ്"

ഏഴു പേരുടെ ആ വട്ടത്തിൽ കുറുകിയ നിഴലുകൾ അലസമായി ഉലകി. അവയ്ക്ക് മുകളിലേക്ക് വാറുണ്ണി അയ്യായിരത്തിന്റെ രണ്ട് കാർഡിട്ടു. പതിനായിരം.

കൂടിയിരുന്നവരൊന്നു നടുങ്ങി. ബ്ലൈൻഡ് പറഞ്ഞതിനു മുകളിൽ ഇനി ഇരട്ടി തുക വയ്ക്കണം. എന്നാലെ കളിയുള്ളു.

മറ്റുള്ളവർ തല വെട്ടിച്ച് മാറിയപ്പോൾ രായപ്പൻ ചന്ദ്രൻ മാത്രം നാല് കാർഡ് എണ്ണിയിട്ടു.

ഇരുപതിനായിരം രൂപ.

രായപ്പനതു പറ്റും, രണ്ട് കൊല ക്കേസ് പ്രതിയാണ്. വഴിയെ പോകുന്നവരുടെ താലി മാല തൊട്ട് സ്വർണ്ണക്കട വരെ കൊള്ളയടിക്കും.

ശശി ഏറുകണ്ണിട്ട് വാറുണ്ണിയെ നോക്കി.

വാറുണ്ണിക്ക് കുലുക്കമില്ല. പരല് കളിയിൽ വാറുണ്ണി കാലനാണ്. കളത്തിലിരുന്നാൽ ശുക്രൻ തലയ്ക്ക് മുകളിലെന്നാണ് വെയ്പ്പ്.

"തുറക്ക്. " രായപ്പൻ പറഞ്ഞു.

എല്ലാ കണ്ണുകൾക്കും മുമ്പിലേക്ക് വാറുണ്ണി ചീട്ടുകൾ മലർത്തി വച്ചു.

"അമ്പ, 'രണ്ട് ആസ് ചിഹ്നങ്ങൾ കണ്ട ആരുടേയോ തൊണ്ടയിൽ നിന്ന് ഒരു ശബ്ദം പുറത്ത് ചാടി.

നിരാശനായി കൈത്തണ്ടയിലെ ഇരുമ്പുവളയമുഴിഞ്ഞ് രായപ്പനിരുന്നു.

അടുത്ത റൗണ്ടിനിരിക്കും മുമ്പ് തുരുത്തിലെവിടേ നിന്നോ രാപ്പക്ഷിയുടേതു പോലൊരു കൂകൽ. ഒന്നല്ല രണ്ട് തവണ.


ശശി ചാടിപ്പിടഞ്ഞെഴുന്നേറ്റു. സമാനമായൊന്ന് തിരിച്ചു കൂകി. അപ്പുറത്ത് കരിങ്കോഴി ജോണാണ്.

സംഗതി പന്തിയല്ലെന്നറിഞ്ഞ ചീട്ടുകളിക്കാർ എഴുനേറ്റു നിന്നു. നടുവിൽ നിവർന്നു നിന്നിരുന്നൊരു



എമർജൻസി ലാംപ് ഞെട്ടലോടെ കെട്ടു. ദൂരെ കായൽപ്പരപ്പിൽ ആകാശത്ത് നിന്ന് പാറി വന്ന പോലെ ഒരു ടോർച്ച് മിന്നിയൊളി ച്ചു. അപ്പോഴേക്കും കരിങ്കോഴി കുതിച്ചെത്തിയിട്ടുണ്ട്. ചീട്ടുകളിക്ക് കാവലാണ് അവന്റെ പണി.

"ഒന്നിൽ കൂടുതല് വള്ളംണ്ട്ന്നാ തോന്നണെ."



"ന്നാ, നിങ്ങള് വിട്ടോ."

ചീട്ടുകളിക്കാരെ കൂട്ടി കരി ങ്കോഴി തുരുത്തിന്റെ നിഗൂഢതകളി ലേക്ക് പിൻവലിഞ്ഞു.

ശശി മുണ്ടു മുറുക്കിയുടുത്തു. പണമത്രയും കൃത്യമായി പോളി ത്തീൻ കവറിലാക്കിയത് ബെൽറ്റ് പോലെ അരയിൽ ചുറ്റി. ഈരിഴ തോർത്ത് പുറമേ കെട്ടി. പതിയെ ഇരുട്ടിലേക്ക് മറഞ്ഞു.

ഓരത്ത് ശബ്ദം കേൾപ്പിക്കാതെ വെള്ളത്തിലേക്കിറങ്ങുമ്പോൾ ശശി കണ്ടു. ഇരുട്ട് കട്ട പിടിച്ച പോലെ കുറവൻതുരുത്തിനെ ലക്ഷ്യമാക്കി നീങ്ങുന്ന രണ്ട് വള്ളങ്ങൾ. ശശി യുടെ ചുണ്ടിലൊരു ചിരി വിടർന്നു. പിന്നെ കഴുത്തൊപ്പം വെള്ളത്തിലി റങ്ങി മറുകരയിലേക്ക് നീന്താൻ തുടങ്ങി.

ഇനി നടക്കാൻ പോകുന്നത് തിരക്കഥ പോലെ ശശിക്കറിയാം. കുറവൻ തുരുത്തിലേക്ക് പോലീസ് വരുന്നത് ആദ്യമായല്ല. വൻകിട ചീട്ടു കളിക്കാരുടെ ഇഷ്ടതാവള മാണ് കുറവൻതുരുത്ത്. ചുറ്റും വെള്ളമാണ്. ഒരു വശം കായലും മറുവശം ചെമ്മീൻകെട്ടും. അഞ്ചാ റേക്കറോളം വരും തുരുത്ത്. പാറ ക്കൂട്ടങ്ങളും കൈതകളും ഒരുക്കുന്ന ഒളിത്താവളങ്ങൾ. മാസത്തിൽ ഒന്നോ, രണ്ടോ തവണ കളിയുണ്ടാ കും. ഇരുട്ടുമ്പോൾ അപ്പുറത്തെ കടവുകളിൽ നിന്ന് കളിക്കാരുമാ യുള്ള വള്ളങ്ങളെത്തും. നേരം വെളുക്കും മുമ്പ് തിരിച്ചു കൊണ്ടു വിടും. പോലീസിന്റെ തല വെട്ടം കണ്ടാൽ അറിയിപ്പു കിട്ടും. ഇതി നൊക്കെ ആളുണ്ട്. ശശിയാണ് മേൽനോട്ടം. കാരണം അയാളാണ് കളിയുടെ കുറ്റിക്കാരൻ.

എന്തെങ്കിലും പ്രശ്നമുണ്ടാ യാൽ പിന്നെ ശശി തുരുത്തിലു ണ്ടാവാറില്ല. നല്ല നീന്തലാണ്. എങ്ങിനേയും ചാടിപ്പോകാനറി യാം. പിന്നെന്തിന് ഭാഗ്യപരീക്ഷ ണം.

തണുത്ത വെള്ളം കൊളുത്തിപി ടിക്കുന്നു. പതിയെ ഒന്ന് മലർന്ന് ശരീരത്തിന്റെ ആയാസം കുറയ്ക്കു ന്നതിനിടെ ശശി ആലോചിച്ചു.

പോലീസ് എത്തിയിട്ടുണ്ടാക ണം. ചെമ്മീൻകെട്ടുകാരുടെ ഷെഡ്ഡിൽ കാവലു കിടക്കുന്ന ഗോപാലേട്ടനെ വിളിച്ചുണർത്തിയി ട്ടുണ്ടാകും. തലങ്ങും വിലങ്ങും ചോദ്യം ചെയ്തിട്ടും വല്യ കാര്യ മൊന്നുമില്ല. ചീട്ടു കളിക്ക് തൊണ്ടി വേണം തൊണ്ടി.

ഇളിഭ്യരായി മടങ്ങുന്ന പോലീ സുകാരെ മനസ്സിലോർത്ത് വെറുതെ ചിരിച്ച് കടവടുക്കാറായ പ്പോഴാണ് ഒരു നടുക്കം.

ഇരുട്ടിനുള്ളിൽ കടവത്ത് ആളു ണ്ട്. ആരായിരിക്കും ഈ നട്ടപ്പാതി രക്ക്. പോലീസെങ്കിൽ അതി നർത്ഥം അവർ തന്റെ വഴി അറി ഞ്ഞിരിക്കും. ഒറ്റാണ്. സൂക്ഷിക്ക ണം.

തണുത്ത വെള്ളത്തിൽ കിടന്നും ശശി ഒന്നു വിയർത്തു.

ഒന്നുമാലോചിച്ചില്ല. ഇട ത്തോട്ടു നീന്തി. എത്ര ദൂരം പോയി എന്നറിയില്ല. ഇവിടം അത്ര നിശ്ചയമില്ല. കൈയ്യും, കാലും കുഴഞ്ഞപ്പോൾ കരയി ലേക്ക് നീന്തി. വെള്ളത്തിലേക്ക്

തല നീട്ടി കിടന്നൊരു മരച്ചില്ലയിൽ പിടിച്ച് കിടന്നു. പിന്നെ പതുക്കെ ഇഴഞ്ഞ് മുകളിലേക്ക് കയറി.

കിതപ്പ് ഒതുങ്ങിയിട്ടില്ല. അണ്ടർവെയറിന്റെ പോക്കറ്റിൽ കിടന്ന പൈന്റു കുപ്പി ക്വാർക്ക് കടിച്ചു കളഞ്ഞ് അതേ പടി വായിലേക്ക് കമിഴ്ത്തി. വയറ്റിൽ തീ കത്തിപ്പിടിക്കുന്നു. ചുറ്റും ചളിയാണോ. രൂക്ഷഗന്ധം മുഖത്തടിക്കുന്നു. ഒരു വിരിഞ്ഞ കല്ലിലാണ് കിടക്കുന്നത് എന്ന് തോന്നി. നല്ല ക്ഷീണം. രാത്രിമഞ്ഞിൽ കുഴഞ്ഞൊരു കാറ്റ് മുഖത്ത് തട്ടി നാണിച്ച് കടന്ന് പോകുന്നു. പിന്നിൽ ഓളങ്ങളെല്ലാതുക്കി കായൽ ഉറങ്ങികിടന്നു. മെല്ലെ, മെല്ലെ ശശിയിലേക്ക് ഒരു മയക്കം വന്നു കയറാൻ തുടങ്ങി.

ആ മയക്കത്തിലേക്കപ്പോൾ കാലങ്ങൾ തട്ടി അരികും മൂലയും തേഞ്ഞു പോയൊരു പേക്കിനാവ് രാകിത്തേഞ്ഞ മൂർച്ചയോടെ വീണ്ടും കയറി വന്നു.


ഓല കൊണ്ട് കുത്തിമറച്ചൊരു ഒറ്റമുറിപ്പുരയുടെ ഇറയത്ത് തൂണിൽ ചാരി ഇരിക്കുന്ന സ്ത്രീയും ശോഷിച്ച കൈകാലുകളുമായി അവളുടെ മടിയിലുറങ്ങുന്ന പെൺകുഞ്ഞുമായിരുന്നു ആദ്യം. കുഞ്ഞിന്റെ മേലേക്ക് തുള്ളിതുള്ളിയായി വീഴുന്ന വിതുമ്പലുകൾ. പിന്നെ ഇരുട്ടാണ് . വല്ലാത്തൊരനിശ്ചിതത്വം.

ഇപ്പോൾ പിഞ്ഞിക്കീറിയ വസ്ത്രങ്ങളുടുത്തൊരു ബാലൻ തുമ്പിയെ പിടിക്കാനോടുന്നു. അവന്റെ നീട്ടിയ കൈകൾക്ക് മുമ്പിൽ വായുവിൽ തുമ്പി വരച്ചിടുന്ന വൃത്തങ്ങൾ. ഒടുവിലാ തുമ്പി ആദ്യം കണ്ട കുടിലിന്റെ മുന്നിലെത്തിയിരിക്കുന്നു. അത് മെല്ലേ അകത്തേക്ക് കടക്കുന്നു. തുമ്പിയെ പിൻതുടർന്ന് കുടിലിലേക്ക് കടന്ന ബാലന് മുമ്പിൽ നിലം തൊടാതെ നിന്നാടുന്ന രൂപങ്ങൾ. മോന്തായത്തിലെ കുരുക്കുകളിൽ തടഞ്ഞു നിൽക്കുന്ന സ്ത്രീയും പെൺകുഞ്ഞും.

അടുത്ത നിമിഷം നിയന്ത്രണം വിട്ട പോലൊരു സ്വരം ശശിയിൽ നിന്നുണർന്നു.

“അമ്മേ........”

ഞെട്ടിയുണർന്ന ശശിയുടെ



ഉൾകാഴ്ചക്കു മുന്നിൽ പേക്കിനാവ് തങ്ങി നിന്നു. വിയർത്തു കുളിച്ചിരുന്നു. ഇത്തരമൊരു സ്വപ്നം മുമ്പ് കണ്ടിട്ടില്ല. എന്നാലതൊരു സത്യമായിരുന്നു. പക്ഷേ എന്തിനാണ് ഇപ്പോൾ വീണ്ടുമൊരോർമ്മപ്പെടുത്തൽ.

എഴുന്നേറ്റിരുന്നത് മറ്റൊരു കാഴ്ചയിലേക്കാണ്.

തൊട്ടകലെ ഒരു വീട്ടിൽ നിന്നാണെന്ന് തോന്നുന്നു അരിച്ചെത്തുന്ന വെളിച്ചം. തന്റെ നിലവിളി അവർ കേട്ടിരിക്കുമൊ. അങ്ങനെയെങ്കിൽ അടുത്ത നിമിഷം ഒരു ടോർച്ച് വെളിച്ചം തേടിയെത്താം. അവരാരായിരിക്കും. വീണ്ടും കായലിലേക്ക് ഊർന്നിറങ്ങാനുള്ള ഒരുക്കവുമായി കുറച്ച് കാത്തു.

ആരേയും പുറത്തേക്ക് കണ്ടില്ല. വെളിച്ചം അങ്ങനെത്തന്നെ.

അപ്പോൾ ഏതൊരു മനുഷ്യജിവിക്കുമുള്ളതു പോലൊരു ജിജ്ഞാസ ശശിയെയും പിടിച്ചുലച്ചു.

അയാളെഴുന്നേറ്റ് ആ വിളക്കിനു നേരെ നടക്കാൻ തുടങ്ങി. കാലുകൾ വേച്ചു പോകുന്നു. ലഹരിയിൽ കാഴ്ചകൾ മങ്ങിപ്പോകുന്നു.

കാലത്തിന്റെ തല്ലേറ്റ് വല്ലാതെ തളർന്നു പോയൊരു പുരയായിരുന്നു അത്. ഒരു വശത്തെ പിണങ്ങിപ്പിരിഞ്ഞ വിജാഗിരിയിൽ തൂങ്ങി താഴേക്ക് വീഴാൻ വെമ്പി നിൽക്കുന്നൊരു മരവാതിൽ. വെളിച്ചം വരുന്നത് അതിലൂടെയാണ്.

ഒരു മാർജാരന്റെ കൗശലത്തോടെ അയാൾ അതിനടുത്തേക്ക് നീങ്ങി. ആദ്യനോട്ടത്തിൽ ഒരു മുടിക്കെട്ടാണ് കണ്ണിൽതടഞ്ഞത്. പുറം തിരിഞ്ഞു നിൽക്കുന്ന ഒരു സ്ത്രീ. മുകളിൽ നിന്ന് താഴേക്ക് തൂങ്ങിക്കിടക്കുന്ന സാരിത്തലപ്പ്. അത് ഒരു കുരുക്കാണ് എന്നയാൾ അമ്പരപ്പോടെ തിരിച്ചറിഞ്ഞു. അതിനോടടുത്ത് പിന്നെയും കുരുക്കുകൾ. ഒന്നല്ല രണ്ടെണ്ണം. ശശിയുടെ കണ്ണുകൾ അറിയാതെ വെറും നിലത്ത് പുൽപ്പായയിൽ പരസ്പരം പുണർന്നുറങ്ങുന്ന രണ്ട് കുഞ്ഞുങ്ങളിൽപ്പതിച്ചു. ഒരു കൂട്ട ആത്മഹത്യക്ക് സാക്ഷിയാവുകയാണ് താനെന്ന അസാധാരണമായ നടുക്കം അയാളെ പൊതിഞ്ഞു.

ഒരു നിശ്ചലദൃശ്യമായി ശശിയുടെ നിഴൽ താഴെ വീണ് വിറങ്ങലിച്ചു. ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യുമെന്നറിയാതെയൊരാശങ്ക അയാളുടെ മുഖത്ത് ഒട്ടിപ്പിടിച്ചു നിന്നു.

അപ്പോൾ കണ്ടുതീർന്ന പേക്കിനാവിന്റെ ഓർമ്മകൾ ഇരട്ടി കരുത്തോടെ അയാളിലേക്ക് കുതിച്ചെത്തി. ഏതോ ഒരാവേശം തന്നെ ബാധിച്ചതായി അയാൾക്ക് തോന്നി. വാതിൽ ഒന്നു തള്ളിയതേയുള്ളൂ. അത് തുറന്നു.

മരണത്തെ തെരഞ്ഞെടുത്തവൾ നടുങ്ങുന്നത് കണ്ടു.

ഇനിയും തനിക്ക് ബോദ്ധ്യമാവാത്ത കാഴ്ചയിലേക്കയാൾ നിശബ്ദനായി.

അപ്പോൾ അവളുടെ കിതപ്പിൽ കുഴഞ്ഞ സ്വരം അയാളെത്തേടിയെത്തി.

ആരാ?

"ഈ കുട്ട്യോളെക്കൂടി കൊല്ലാനാ പരിപാടി?"

മറുപടി പറയാൻ കുറെ സമയത്തേക്ക് ഭയം അവളെ അനുവദിച്ചില്ല.

പതുക്കെ പതുക്കെ അവൾ യാഥാർത്ഥ്യത്തിലേക്ക് കടന്നു വന്നു.

തന്റെ മുന്നിൽ പാതി നനഞ്ഞും ചളി പുരണ്ടും നിൽക്കുന്ന അപരിചിതൻ അവൾക്ക് കൂടുതൽ അരോചകമായി.

"ഇത് പറയാൻ നിങ്ങളാരാ? കടക്ക് പുറത്ത്. "അവൾ വെളിയിലേക്ക് കൈ ചൂണ്ടുന്നു.

നീയെന്റെ ചോദ്യത്തിനുത്തരം പറഞ്ഞില്ല. ഈ കുട്ട്യോളേക്കൂടി കൊല്ലാനാ പരിപാടി.

"അതെന്റെ കുട്ട്യോളല്ലേ."

"ഇത് നിങ്ങള് ചെയ്യരുത്, നമുക്ക് എന്തിനും ഒരു പരിഹാരോണ്ടാക്കാം."

"എന്ത് പരിഹാരന്നാണ്. ന്റെ പ്രശ്നങ്ങളെപ്പറ്റി നിങ്ങക്കെന്തറിയാം. ഞാനെത്രയായിങ്ങനെ നരകിക്ക്ണ്. ഉണ്ടായിരുന്നത് ഒരു പണിയാണ്. ഇപ്പ അതും പോയി. ഇവരെ വളർത്തണ്ടെ. ഒറ്റക്ക് താമസിക്കണ ഒരാളുടെ വെഷമം നിക്കേ അറിയൂ.

പിന്നെ മാനം കെടാൻ വയ്യ. നിക്ക് രണ്ട് പെങ്കുട്ട്യോളാ."

മുറിയിൽ വീണ്ടും നിശബ്ദത പരന്നു.

തികച്ചും അപരിചിതനായൊരാളിനോട് ഇങ്ങനെയൊക്കെ പറഞ്ഞതിൽ അവളതിശയപ്പെടുന്നുണ്ടാകും.

"കാശില്ലാത്തതുകൊണ്ടാണോ നീയ്യിപ്പോ."

അയാൾ പകുതി പറഞ്ഞു നിർത്തി.

"ന്തേ , നിങ്ങടെ കൈയ്യില് കാശ്ണ്ടാ?"

അത് ഒരു വെറും പരിഹാസമായിരുന്നു. പക്ഷേ ഒന്നും ഉദ്ദേശിക്കാത്ത ഒന്ന്. എന്നാൽ അത് ശശിയുടെ ലഹരി പിടിച്ച ആൺതലച്ചോറിനെ ഒന്ന് പിടിച്ചു കുലുക്കി.

ശശി തന്റെ അരയിൽ ചുറ്റിയ പോളിത്തീൻ കവർ പുറത്തെടുത്ത് താഴേക്ക് കുടഞ്ഞു.

"പണമല്ലേ വേണ്ടു. ദാ, വേണ്ടുവോളമുണ്ട്. ഞാൻ ഒരു ദിവസം കാണണകാശ് നീയൊരു ജൻമത്ത് കാണില്ല."

ഒരു പരിഹാസം അയാളിൽ നിന്നടർന്നു വീണു.

അമ്പരന്നു പോയിരുന്നു അവൾ. ചോദിക്കാനാഞ്ഞ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെന്നപോലെ പുറത്തേക്കു നടക്കുന്നതിനിടയിൽ അയാൾ പിറുപിറുത്തു.

"നീയ്യാ കുട്ട്യോളെ കൊല്ലാണ്ടിരുന്നാ മതീ."

ആകാശം പെറ്റിട്ട ഒരു നാട്ടുവെളിച്ചം ശശിക്കു മുമ്പേ നടന്നു. നടന്ന് വീണ്ടും കായലോരത്ത് എത്തിയപ്പോൾ പാറക്കെട്ട് തടഞ്ഞു. അയാൾ ഇരുന്നു. പുലരാൻ ഇനിയും സമയമേറെയുണ്ട്. മാനത്തിന്റെ തൊട്ടിയിൽ നക്ഷത്രപ്പൂക്കൾ വിരിഞ്ഞു. ഇരുട്ട് മങ്ങുന്നു. പാതിരാപ്പൂക്കൾ വിരിഞ്ഞു വെളുത്തുപോയൊരു രാത്രിമുല്ല അയാളെ നോക്കി പുഞ്ചിരിച്ചു. ശശിക്ക് ഉറങ്ങണമെന്ന് തോന്നി. ഒരു ഭാരം ഇറക്കി വച്ചതുപോലെ.

വെയിൽ മുഖത്തിട്ട ഇളംചൂടിലേക്കാണ് ഉണർന്നത്. തലേന്ന് രാത്രിയിൽ എന്തൊക്കെയാണ് സംഭവിച്ചത്. അതോ എല്ലാം ഒരു സ്വപ്നമോ. ദൂരെ ഒരു വീട് കാണുന്നു. അതേ ആ വീടാണ്. അയാളുടെ ഓർമ്മയിലേക്ക് താഴേക്ക് തൂങ്ങിനിന്നാടുന്ന കുരുക്കുകൾ കയറി വന്നു. ഒരു ഞെട്ടലോടെ അയാൾ തറപ്പിച്ചു നോക്കി . രണ്ട് പെൺകുട്ടികൾ മുറ്റത്ത് ഓടുന്നു. അവർ ജീവനോടുണ്ട്.

അപ്പോഴാണ് ആ വലിയ സത്യം അയാൾക്കോർമ്മ വന്നത്. അരക്കെട്ടിൽ വച്ച് സുരക്ഷിതമായി കൊണ്ടു വന്ന പണം. അത് നഷ്ടപ്പെട്ടിരിക്കുന്നു. അതിലൊരു രൂപ പോലും തന്റേതല്ല. ശരിക്ക് പറഞ്ഞാൽ ഇന്നു തന്നെ പറഞ്ഞുറപ്പിച്ച് തിരിച്ച് കൊടുക്കേണ്ടതാണ്. മൊബൈൽ ഫോണിലേക്ക് നോക്കി. മിസ്ഡ് കോളുകൾ ചുവന്നു നിറഞ്ഞിരിക്കുന്നു.തിരിച്ചു വിളിക്കേണ്ടതാണ്. പക്ഷേ എങ്ങനെ വിളിക്കും. എന്ത് സമാധാനം പറയും. ഒരു പേക്കിനാവും മദ്യലഹരിയും ചേർന്ന് പറ്റിച്ച പണിയാണ്. പക്ഷേ ഇതൊന്നും ആരും വിശ്വസിക്കില്ല. വിശ്വസിച്ചാലും ഇല്ലെങ്കിലും പണം തിരിച്ചു കൊടുക്കേണ്ടത് തന്റെ ഉത്തരവാദിത്വമാണ്. ഇന്നല്ലെങ്കിൽ, നാളെ.

പലവുരു ഓർത്തു നോക്കി. ഉദ്ദേശ്യം രണ്ടരലക്ഷം രൂപ കാണണം. എന്തൊരു ആനമണ്ടത്തരമാണ് കാണിച്ചത്. പക്ഷേ ആ കുഞ്ഞുങ്ങൾ. പൂർണ്ണബോധത്തോടെയല്ലെങ്കിലും താൻ കൊടുത്ത പണമല്ലേ അവരെ രക്ഷിച്ചത്. ആ സമയത്ത് താനവിടെ ചെന്നില്ലെങ്കിൽ എന്തുണ്ടാകുമായിരുന്നു. മുറ്റത്തോടുന്ന കുട്ടികൾക്കു പകരം കയറിൽ തൂങ്ങിയാടുന്ന മൃതദേഹങ്ങൾ.

അവർ തന്റെ ആരാണ്. അവരെ ഇതിനു മുമ്പ് കണ്ടിട്ടുകൂടിയില്ല. അവർ മരിച്ചാൽ തനിക്കെന്താണ്. ഒന്നുമില്ലേ. തന്റെ ബാല്യത്തിനുമേൽ നിഴൽ വീഴ്ത്തിയൊരോർമ്മ അപ്പോൾ ശശിയിലേക്കെത്തി. ഇന്നലെയൊരു പേക്കിനാവായി വന്നത്.

ഉച്ചയായിരിക്കുന്നു. ഒരു തണലിൽ ചടഞ്ഞുകൂടിയ ശശിയുടെ മൊബൈൽ ഫോൺ ഇപ്പോൾ സ്വിച്ച് ഓഫ് ആയിരിക്കുന്നു. ആ വീടൊഴികെ മറ്റൊരു വീടും അവിടെയെങ്ങും കണ്ടില്ല. ഒറ്റപ്പെട്ട ഇടം. ഇവിടെ നിന്ന് പുറത്തിറങ്ങണമെങ്കിൽ ഇരുട്ടാകാതെ വയ്യ. പല ചോദ്യങ്ങൾക്കും ഉത്തരം പറയേണ്ടതുണ്ട്.

രാത്രി വൈകിയാണ് അയാൾ വീടെത്തിയത്. അയാളുടെ അസാധാരണമായ വേഷമോ, രണ്ട് ദിവസം വൈകിയുള്ള വരവോ വീട്ടിൽ ഒരു പ്രത്യേകതയുമുണ്ടാക്കിയില്ല എന്ന് അയാൾ ആദ്യമായി തിരിച്ചറിഞ്ഞു. മകൻ ഉറങ്ങിയിരുന്നു. അയാൾ കുടിച്ചിട്ടില്ല എന്ന് ഒരത്ഭുതം പോലെ ഭാര്യ മനസ്സിലാക്കി. ആ സന്തോഷത്തിലാണാവോ അടുക്കളപ്പടിയിൽ നിന്ന് അവൾ പറഞ്ഞു.

"പൊറത്ത്ന്ന് ഒന്നും കഴിച്ചില്ലാലേ കൈ കഴുകീരിക്ക് ഞാൻ ചോറു വെളമ്പാം."

അപരിചിതമായ ഒരിടത്താണ് താനെന്ന് അയാൾക്ക് തോന്നി. എത്രയോ നാളായി ഇങ്ങനെ അത്താഴം കഴിച്ചിട്ട്.

അയാൾ ഊണുപാത്രത്തിനരികിൽ മൗനമായിരുന്നു. ഭാര്യ സംശയത്തോടെ നോക്കുന്നുണ്ട്. എന്തൊക്കെയോ സംഭവിച്ചിട്ടുണ്ട്.

"ഇന്ന് പകല് മൊഴോൻ ആരൊക്കെയോ അന്വേഷിച്ച് ശശീണ്ടാ , ശശീണ്ടാ എന്നും ചോദിച്ച് വന്നു. ഞാനെന്താന്ന് വച്ചിട്ടാ പറയാ. എവിടിക്ക്യാ പോണേന്ന് പറയണ പതിവില്യാലോ. പിന്നെ. അവൾ ഒന്നു നിർത്തി. വന്നോരൊക്കെ വല്യ ഗൗരോത്തിലായിരുന്നു."

ശശിക്കറിയാം ആരൊക്കെയാണ് വരുന്നത് എന്ന്. ആരും അത്ര നല്ലവരല്ല. നല്ലോരൊന്നും കളിക്കണ കളിയല്ലല്ലോ ഇത്. നെറികേട് കാട്ടിയാൽ തല കാണില്ല. വീടു കൂടി കത്തിക്കും. എന്തെങ്കിലും നുണ പറയുകയേ മാർഗ്ഗമുള്ളൂ. നീന്തിയപ്പോൾ അരയിലെ കെട്ടഴിഞ്ഞു പോയെന്നോ മറ്റോ. കുറച്ച് നാൾ അവധി കിട്ടും. പക്ഷേ അപ്പോഴും പണം കൊടുക്കാതെ വയ്യ.

അടുക്കളയിൽ പാത്രങ്ങൾ കുപ്പിവളകളോടൊപ്പം കിലുങ്ങുന്നു. അയാൾ താഴെ പുൽപ്പായയിൽ ഓരം ചേർന്നുറങ്ങുന്ന മകനടുത്തേക്കിരുന്നു. ഇന്നലത്തെ സ്വപ്നം വീണ്ടും മനസ്സിൽ. ഇവനെപ്പോലെ തന്നെയായിരുന്നു താനും. ചിട്ടുകളിഭ്രാന്തനായ ഒരച്ഛന്റെ മകൻ. അമ്മ കയറിൽ തൂങ്ങിയാടുന്ന മരണചിത്രമാണ്. അനിയത്തിയെ കൂടെക്കൂട്ടിയ അവർ തന്നെ ഒഴിവാക്കിയതെന്തിനാണാവോ.

എന്നിട്ട് താനെവിടെയാണ്. നാളെ തന്റെ മകൻ എവിടെയാകും. അയാൾ അസ്വസ്ഥതയോടെ മുറ്റത്തേക്കിറങ്ങി.

നാളെ പുലരാനാണ് ഈ ഇരുട്ട്.

വെളിച്ചം ഭയപ്പെടുത്തുന്നു. ഇനി ഒരു മാർഗ്ഗമേയുള്ളൂ. ആ സ്ത്രീയോട് പണം തിരിച്ചുചോദിക്കുക. അവൾ തന്നില്ലെങ്കിലോ. ഭയപ്പെടുത്തിയാൽ പറ്റിയേക്കും. അത്രയ്ക്ക് ധൈര്യമൊന്നും അവൾക്ക് കാണില്ല.

പക്ഷേ അവൾ വീണ്ടും മരിക്കുമെന്ന് പറഞ്ഞാൽ. അങ്ങനെ സംഭവിച്ചാലോ. അതിനവൾ തന്റെ ആരാണ്. കൂടുതൽ തളരുന്നതു പോലെ.

പിന്നിൽ അമരുന്ന ഭാര്യയുടെ കൈ. തിരിഞ്ഞു നോക്കി അവൾ തോളത്ത് മുഖമമർത്തിയിരിക്കുന്നു. ഒരു തുള്ളി കണ്ണീർ എവിടെയോ വീണ് നനഞ്ഞു. അവളിങ്ങനെ കരയാറുണ്ട് എന്നത് അയാൾക്ക് മറ്റൊരത്ഭുതമായി.

വെളുക്കും മുമ്പേ വീട്ടിൽനിന്നിറങ്ങി. എന്തായാലും നാട്ടിൽ നിൽക്കാനാവില്ല. അന്വേഷണക്കാർ എത്താതിരിക്കില്ല. വീട്ടിലേക്ക് പോകുമ്പോഴും തിരിച്ചിറങ്ങുമ്പോഴും ചിലരെല്ലാം ശശിയെ കണ്ടിട്ടുണ്ട്. താൻ ജീവനോടുണ്ട് എന്നതിന് അവർക്ക് ഉറപ്പുണ്ട്.

ശശി ആദ്യബസ്സിൽ കയറി ടൗണിലേക്കാണ് പോയത്. ഒരു വിളികൾക്കും ചെവി കൊടുക്കാതെ വൈകുവോളം അവിടെയും ഇവിടേയും അലഞ്ഞു നടന്നു. തിരിച്ച് ബസ്സു പിടിക്കുമ്പോൾ ഒരുറച്ച തീരുമാനത്തിലെത്തിയിരുന്നു. അവളോട് ആ പണം തിരിച്ചു വാങ്ങണം. എങ്ങിനേയും.

സന്ധ്യ കഴിഞ്ഞിരുന്നു. നിലാ



വുദിക്കാതെ കരിപിടിച്ച മാനം. ആ വീട്ടിലേക്ക് നടക്കുമ്പോൾ നെഞ്ച് പെരുമ്പറ കൊട്ടി.

ഉണങ്ങാതെ ബാക്കി നിന്ന ഒരു മഴയുടെ നനവ് കാലിലൊട്ടിപ്പിടിച്ച് തെന്നുന്നു.

മലർക്കെ തുറന്ന വാതിലിനു പിന്നിൽ അവൾ നിൽപ്പുണ്ടായിരുന്നു. ഇരു വശത്തും കുട്ടികളും. തലയ്ക്ക് പിന്നിൽ തൂങ്ങിയാടുന്ന കുരുക്കുകളുടെ നിഴലുണ്ടെന്നു തോന്നി.

അവളുടെ കണ്ണുകളിൽ ഇപ്പോൾ അപരിചിതത്വത്തിന്റെ നിഴലാട്ടമില്ല. പക്ഷേ ഒരു ചോദ്യചിഹ്നമില്ല. പുഞ്ചിരിക്കുന്നു.

എങ്ങനെയാണ് തുടങ്ങുകയെന്നറിയാതെ അയാൾ പതറി. പണം തിരിച്ചു ചോദിക്കുന്നതെങ്ങനെയാണ്. തളർന്നു പോകുന്നു. അങ്ങനെയൊന്നും തളരുന്ന ആളല്ല. എന്നിട്ടും.

"എനിക്കൊരു ഗ്ലാസ്സ് വെള്ളം വേണം."

വെള്ളം തരുമ്പോൾ അവൾ പതുക്കെ പറഞ്ഞു.

"ന്തോ, പിന്നെ നിക്ക് ചാവണംന്ന് ണ്ടായില്ല."

അയാൾ നിശബ്ദനായി. അപരിചിതനെ കണ്ട വിസ്മയവുമായി നിൽക്കുകയാണ് കുട്ടികൾ.

"ഞാൻ വെറുതേ വന്നതാ." അയാൾ മുറ്റത്തേക്കിറങ്ങി.

പിന്നിലെ മൗനം ഭേദിച്ചൊരു സ്വരം.

"ചേട്ടാ നിൽക്ക്."

തിരിഞ്ഞു നോക്കി. പിന്നിൽ ഒരു പൊതിയുമായി അവൾ.

ചേട്ടൻ വന്നത് ഇതിനല്ലെ.

അയാൾക്കുത്തരം മുട്ടി. ഇവളെങ്ങനെയറിഞ്ഞു.

ചെമ്മീൻ കെട്ടിന് കാവല് കെടക്കണ ഗോപാലേട്ടൻ പറഞ്ഞിരുന്നു. ചീട്ടുകളിക്കാര് സൂക്ഷിക്കാൻ കൊടുത്ത കാശുമായി പോയ ആളെ കാണാനില്ലെന്ന്. രൂപം വെച്ച് നോക്കീപ്പോ അത് ചേട്ടനാണെന്ന് തോന്നി.

അപ്പോൾ നിനക്കിത് വേണ്ടേ.

വേണ്ടാണ്ടല്ല. പക്ഷേ ഇതിപ്പോ നിങ്ങക്കല്ലേ കൂടുതലാവശ്യം.

ഞാനൊന്നും എടുത്തിട്ടില്ല. മുഴ്വോനുണ്ട് അവൾ പൊതി നീട്ടി. കാശില്ലാത്തോണ്ടാ ചാവാൻ പോയെ .പക്ഷേ ഇത് വീട്ടിലിരുന്നപ്പം വല്ലാത്ത അങ്കലാപ്പായിരുന്നു. അർഹതയില്ലാത്തത് കിട്ടിയപോലെ.

പൊതി തിരിച്ചു വാങ്ങുമ്പോൾ ചോദിച്ചു.

"അപ്പോൾ ഇനി."

"ചാവില്ല. ചത്താ അതോടെ തീർന്നില്ലേ എല്ലാം. ജീവിക്കണേല് ഒത്തിരി കാര്യണ്ട്ന്ന് തോന്നി. ഇപ്പത്തന്നെ ന്താ ണ്ടായത്. നമുക്കൊന്നും സ്വപ്നം കാണാൻ പറ്റാത്ത കാര്യങ്ങള്."

"ഇനി നീ എങ്ങനെ ജീവിക്കും?"

"ഇത്രേം ജീവിച്ചില്ലേ. അന്വേഷിച്ചാൽ മാർഗ്ഗോണ്ടാവും . " അവൾ ചിരിക്കുന്നു.

പൊതി വാങ്ങി തിരിച്ചു നടക്കുമ്പോൾ ഒന്നു കൂടി തിരിഞ്ഞു നോക്കി. ഇരുട്ടിലാണ്ട കുടിലിൽ നക്ഷത്രപ്പൊട്ടു പോലെ വിളക്കുണ്ട്. എല്ലാം ഒരു സ്വപ്നമായിരുന്നോ. ഇങ്ങനെയൊക്കെ ജീവിതത്തിൽ സംഭവിക്കുമോ.

മൊബൈൽ ഫോൺ ഓണാക്കി വച്ചു. തിരിച്ചു കൊടുക്കാനുള്ള പണമെല്ലാം ഭദ്രമായി അരയിൽ തിരുകി. ദൂരെ തലയുയർത്തി നിൽക്കുകയാണ് കുറവൻ തുരുത്ത്. തണുത്ത വെള്ളത്തിലേക്കിറങ്ങുമ്പോൾ അവളുടെ വാക്കുകൾ ഓർമ്മയിലേക്കെത്തി.

"ജീവിക്കണേല് ഒത്തിരി കാര്യണ്ട്."

അപ്പോളയാൾ തന്റെ മകനെക്കുറിച്ചോർത്തു.

"അതേ ജീവിക്കണേല് ഒത്തിരി കാര്യണ്ട്". വെറുതേ ഉരുവിട്ടുകൊണ്ടയാൾ തുരുത്തിന് നേരെ നീന്താൻ തുടങ്ങി. ■